പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2200 08.12.2014-ൽ മറുപടിക്ക്

## എടത്വ ഡിപ്പോയിൽ ഷെഡ്യൂളുകൾ വെട്ടിക്കുറക്കൽ

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്പെയർ പാർട്സുകൾ ലഭിക്കാതെ എടത്വാ ഡിപ്പോയിൽ നിന്നും ഷെഡ്യൂളുകൾ വെട്ടികുറയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | 02/12/2014-ലെ കണക്കനുസരിച്ച് 5 ബസുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടുണ്ടായിരുന്നു. സാമ്പത്തിക പ്രതിസന്ധി മൂലം യഥാസമയം പണം കൊടുത്തു തീർക്കാത്തതിനാൽ സ്പെയർ പാർട്സ് ലഭ്യമാക്കുന്നതിൽ ചെറിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് സ്പെയർ പാർട്സ് യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എത്രയും പെട്ടെന്ന് സ്പെയർ പാർട്സ് ക്ഷാമം പരിഹരിച്ച് വാഹനങ്ങളുടെ ഓഫ്-റോഡ് അനുവദനീയമായ പരിധിക്കുള്ളിൽ നിലനിർത്തുന്നതാണ്. |
| (ബി) | കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം ഷെഡ്യൂളുകളാണ് ഈ വർഷം നാളിതുവരെ റദ്ദ് ചെയ്തതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ? | (ബി) | കുട്ടനാട്ടിലേക്കുള്ള 05.00 മണി മുട്ടാർ - ആലപ്പുഴ, 06.50 മണി തായങ്കരി - ആലപ്പുഴ, 07.00 മണി കളങ്ങര - ആലപ്പുഴ എന്നീ മൂന്ന് സർവ്വീസുകൾ വരുമാനക്കുറവും ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ